# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3798 — 25.06.2013ലെ മറുപടിയ്ക്ക്

## അപ്പീലുകൾ തീർപ്പാക്കി നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ബഷീർ<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) കാർഷികാദായ നികുതിയും വിൽപന നികുതിയും സംബന്ധിച്ച അസസ്മെന്റുകളിൻമേൽ അപ്പീൽ നൽകുന്നതിന് നിലവിലുള്ള സംവിധാനം കാര്യക്ഷമമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) കാര്യക്ഷമമാണ്. അതിലേക്കായി ജില്ലകൾതോറും 9 ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ) മാരേയും 3 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽ) മാരേയും 5 ലോ ആഫീസർമാരേയും ചുമതലപ്പെടുത്തുകയും അവരുടെ പ്രവർത്തന റിപ്പോർട്ട് സ്ഥിരമായി പരിശോധിക്കുകയും ചെയ്യുന്നുണ്ട്. |
| ബി) അപ്പീലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം നികുതി പിരിവിനെ ബാധിക്കാറുണ്ടോ; | ബി) ഇല്ല. അപ്പീലുകളിൻമേൽ ഉപാധികളോടെ സ്റ്റേ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് വഴി നല്ലൊരു ശതമാനം നികുതി പിരിഞ്ഞ് കിട്ടുന്നതിനാൽ അപ്പീലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം നികുതി പിരിവിനെ ബാധിക്കാറില്ല. |
| സി) അപ്പീലുകൾ തീർപ്പാക്കാത്തതു മൂലം നികുതിയിനത്തിലെ എത്ര തുക പിരിച്ചെടുക്കാനാവാതെ കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) ഏകദേശം 1303.23 ലക്ഷം രൂപ കുടിശ്ശികയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.